## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5253 26/03/2018-ൽ മറുപടിയ്ക്ക്

# എൽ.പി, യു.പി സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.സി.കെ. ഹരീന്ദ്രൻ** | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) എൽ.പി, യു.പി സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളത് എന്ന് അറിയിക്കാമോ; | (എ) എൽ.പി, യു.പി സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ പരിധിയിൽ വരുന്ന സ്കൂൾ അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രകാരം എല്ലാ മണ്ഡലങ്ങളിൽ നിന്നും ബന്ധപ്പെട്ട എം.എൽ.എ മാർ തെരഞ്ഞെടുക്കുന്ന ഒരു എൽ.പി അല്ലെങ്കിൽ യു.പി.സ്കൂളിന് ഒരു കോടി രൂപ വീതം നൽകുന്ന പദ്ധതിയാണ് നിലവിലുള്ളത്. |
| (ബി) എൽ.പി.ജി.എസ് പൂഴനാട് സ്കൂളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുമായി സമർപ്പിച്ച പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ? | (ബി) തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല മണ്ഡലത്തിൽ നിന്നും ഗവ. എൽ.പി.സ്കൂൾ ഒറ്റശേഖരമംഗലത്തിന്റെ പ്രൊപ്പോസൽ ആണ് ലഭിച്ചത്. പ്രസ്തുത പ്രൊപ്പോസലിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ